"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനായി കേരള ഫീഡ്സ്, മിൽമ, മറ്റിടങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റ വാങ്ങുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1466/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/08/2020

---

പരാമർശം:- 1 കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 20.06.2016-ലെ KFL/444/19/IV/L/1383/16-ാം നമ്പർ കത്ത്.

2 സ.ഉ.(കൈ) നം. 22/ 2018/തസ്വഭവ, തീയതി 14.02.2018.

3 പഞ്ചായത്ത് ഡയറക്ടറുടെ 08.11.2019-ലെ J1-13611/19-ാം നമ്പർ റിപ്പോർട്ട്.

4 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.1.

**ഉത്തരവ്**

കേരളാ ഫീഡ്സിന്റെ ഉല്പന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴി കേരളാ ഫീഡ്സിന്റെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനായി പ്രസ്തുത ഉൽപന്നങ്ങൾ കൂടി ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശ രേഖകളിൽ ഭേദഗതി വരുത്തണമെന്ന് കേരളാ ഫീഡ്സ് മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. പരാമർശിത(2) സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങൾ വഴിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലിത്തീറ്റ വാങ്ങേണ്ടതെന്ന് വ്യവസ്ഥയുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3)-ലെ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും 4-ാം പരാമർശിത യോഗതീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള പ്രകാരം കാലിത്തീറ്റ വാങ്ങുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു-

(i) ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനായി കേരള ഫീഡ്സ് കാലിത്തീറ്റയും മിൽമ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയും പ്രാദേശിക സർക്കാരുകൾക്ക് വാങ്ങാവുന്നതാണ്.

(ii) ഇത് കൂടാതെ ഗുണനിലവാരം ഉറപ്പാക്കി ടെണ്ടർ, ഇ-ടെണ്ടർ മുഖേനയും മറ്റിടങ്ങളിൽ നിന്നും കാലിത്തീറ്റ വാങ്ങാവുന്നതാണ്. എന്നാൽ ഈ നിരക്ക് കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളുടെ ഉല്പന്നത്തേക്കാൾ കുറവുള്ളതായിരിക്കണം.

(iii) ക്ഷീര കർഷകർക്ക് കാലിത്തീറ്റയ്ക്കുള്ള ധനസഹായം പണമായി നൽകാവുന്നതല്ല. കാലിത്തീറ്റയായി തന്നെ ക്ഷീര സംഘങ്ങൾ മുഖേന കർഷകർക്ക് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമവികസന കമ്മീഷണർ.
മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്, തൃശ്ശൂർ .
മാനേജിംഗ് ഡയറക്ടർ, മിൽമ, തിരുവനന്തപുരം.
എല്ലാ ആസൂത്രണ സമിതി അധ്യക്ഷന്മാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പാലിറ്റി ചെയര്‍പേഴ്സൺമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
മൃഗസംരക്ഷണ (എഫ്) വകുപ്പ് .
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.08.10 14:12:22 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്.